# മടവൂർ വിഭാഗം പരാജയപ്പെട്ട കൊണ്ടോട്ടി സംവാദവും ആലുവയിലെ സുന്നി മുജാഹിദ് സംവാദവും. (ഭാഗം.1)

## 1. ആലുവ കുന്നത്തേരിയിൽ വെച്ച് നടന്ന സുന്നി മുജാഹിദ് സംവാദം

ആലുവയിലെ കുന്നത്തേരിയിൽ വെച്ച് 2009 ജനുവരി നാലിന് സുന്നി പണ്ഡിതരും ഔദ്യോഗിക വിഭാഗം മുജാഹിദ് പണ്ഡിതരും തമ്മിൽ ഒരു സംവാദം നടന്നിരുന്നു. മരിച്ച് പോയ മഹാത്മാക്കളോടുള്ള പ്രാർഥനയുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ് സംവാദം നടന്നത്. അല്ലാഹുവോട് മാത്രമേ പ്രാർഥിക്കാൻ പാടുള്ളൂ എന്നും, പ്രാർഥനക്ക് ഉത്തരം നൽകാൻ അവന് മാത്രമേ കഴിയുകയുള്ളൂ എന്നും ധാരാളം ഖുർആൻ ആയത്തുകളിലൂടെ സ്ഥാപിക്കാൻ സംവാദ വേളയിൽ മുജാഹിദ് പണ്ഡിതർക്ക് സാധിച്ചു. എന്നാൽ അന്ത്യ ദിനത്തിന്റെ അടയാളമായി ഈസാ നബി(അ) ഇറങ്ങി വരുന്നതുമായി ബന്ധപ്പെട്ട ഒരു ഹദീസിന്റ അവസാന ഭാഗം മാത്രം വായിച്ച്, ഇത് അല്ലാഹു അല്ലാത്തവരോട് ഇസ്തിഗാസ (സഹായ തേട്ടം) നടത്താനുള്ള ഏറ്റവും പുതിയ തെളിവായി അവതരിപ്പിക്കാനാണ് സുന്നി പണ്ഡിതർ ശ്രമിച്ചത്.

മുജാഹിദ് പണ്ഡിതരും സുന്നി പണ്ഡിതരും തമ്മിൽ ഇത് വരെ നടന്ന മറ്റെല്ലാ സംവാദങ്ങളിലുമെന്ന പോലെ, സുന്നി പണ്ഡിതരുടെ വാദങ്ങൾ ചില ഊഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും, അത് ഖുർആനിന്റെ അദ്ധ്യാപനങ്ങൾക്ക് എതിരാണെന്നും, അവർ കൊണ്ട് വരുന്ന ഹദീസുകൾ ഇസ്തിഗാസക്ക് തെളിവാണെന്ന് ഇത് വരെ പ്രാമാണികരായ മുൻകാല പണ്ഡിതന്മാർ ആരും തന്നെ അഭിപ്രായപ്പെട്ടിട്ടില്ലാത്തതാണെന്നും കേരള മുസ്‌ലീങ്ങളെ ബോധ്യപ്പെടുത്തിയ ഒരു സംവാദമായിരുന്നു ആലുവ സംവാദം.

## 2. ആലുവ സംവാദത്തെക്കുറിച്ച് മടവൂർ വിഭാഗം പണ്ഡിതർ ശബാബിലെഴുതിയ ലേഖനങ്ങൾ

ആലുവാ സംവാദത്തിന്ന് ശേഷം സുന്നി പണ്ഡിതർ തങ്ങളുടെ ഭാഗം ന്യായീകരിച്ച് കൊണ്ട് അവരുടെ പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതി വരുന്നുണ്ട്. ഇതിന് മറുപടിയായി മുജാഹിദ് ഔദ്യോഗിക വിഭാഗം പണ്ഡിതരും ലേഖനങ്ങൾ എഴുതുന്നുണ്ട്. സംവാദത്തിൽ പങ്കെടുത്ത കക്ഷികൾ എന്ന നിലയിൽ ഇരു വിഭാഗത്തിനും അവരവരുടെ ഭാഗം വിശദീകരിക്കാനുള്ള അവകാശമുണ്ട്.

എന്നാൽ, ആലുവ സംവാദത്തിൽ കക്ഷിയല്ലാതിരുന്നിട്ടും, മടവൂർ മുജാഹിദ് വിഭാഗം പണ്ഡിതർ അവരുടെ വാരികയായ ശബാബിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ജനാബ് അബ്ദുസ്സലാം സുല്ലമി ശബാബിൽ എഴുതുന്ന ''നെല്ലും പതിരും'' എന്ന പക്തിയിൽ ആലുവാ സംവാദവുമായി ബന്ധപ്പെട്ട് വന്ന ലേഖനങ്ങൾ താഴെ ക്കൊടുക്കുന്നു. (ഇനിയും കൂടുതൽ ലേഖനങ്ങൾ എഴുതാൻ സാധ്യതയുണ്ട്).

1. മരണപ്പെട്ടവരോട് പ്രാർഥിക്കാൻ പുതിയ ഹദീസുകളോ (ജനുവരി 30)
2. ആലുവാ സംവാദവും തൗഹീദിനെ അപമാനിക്കലും (ഫെബ്രുവരി 6)
3. മദ്രസാ പാഠപുസ്തകവും ആലുവാ സംവാദവും. (ഫെബ്രുവരി 27)
4. അബദ്ധം സമ്മതിക്കാതെ കരണം മറിയുന്നവർ ( മാർച്ച് 06)
5. സൃഷ്ടികൾക്ക് സാധ്യമായത് ഖബ്റാളികളോട് ചോദിക്കാമോ.? (മാർച്ച് 13)
6. ഹദീസ് നിഷേധവും ആലുവ സംവാദവും ( മാർച്ച് 27)

അൽബാനിയുടെ കിതാബിൽ നിന്നുള്ള ഹദീസ് സുന്നികൾ സംവാദത്തിൽ വായിച്ചതിന്റെ പശ്ചാതലത്തിൽ, എം.ഐ.മുഹമ്മദലി സുല്ലമി ആലുവ സംവാദത്തെയും അൽബാനിയുടെ ഹദീസുകളെയും ബന്ധപ്പെടുത്തി ക്കൊണ്ട് ശബാബിൽ രണ്ട് ലേഖനങ്ങൾ എഴുതുകയുണ്ടായി.

1. അൽബാനിയെ തഖ്ലീദ് ചെയ്തപ്പോൾ (മാർച്ച് 13)
2. അൽബാനിയും മുജാഹിദ് നിലപാടുകളും (മാർച്ച് 20)

## 3. സംസ്കാര ശൂന്യമായ ഭാഷയാണ് ഈ ലേഖനങ്ങളിൽ സലാം സുല്ലമി ഉപയോഗിച്ചിരിക്കുന്നത്.

സംവാദത്തിൽ കക്ഷിയല്ലാതിരുന്നിട്ടും, സലാം സുല്ലമി അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പ്രകോപനകരമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. സുന്നികൾ അവരുടെ ലേഖനങ്ങളിൽ കാണിക്കുന്ന പ്രതിപക്ഷ ബഹുമാനം പോലും സലാം സുല്ലമി മുജാഹിദുകളോട് കാണിക്കുന്നില്ല. സലാം സുല്ലമി ശബാബിൽ (2009 ഫെബ്രു.6, പേജ് 37) എഴുതിയ അറപ്പുളവാക്കുന്ന ചില വാചകങ്ങൾ ശ്രദ്ധിക്കുക.

1. ''ഇപ്രകാരം **പുളിച്ച** മറുപടിയാണു ഇതിന് ഇവർ (മുജാഹിദുകൾ) പറഞ്ഞത്''.
2. ''അല്ലാത്ത പക്ഷം **അൽപം പോലും ദുർഗന്ധം പുറത്ത് വരാത്ത** നിലക്ക് ഇവരെ (മുജാഹിദുകളെ) **പരിപൂർണമായി ഖബ്റടക്കം ചെയ്യുവാൻ** (സുന്നികൾക്ക്) സാധിക്കുമായിരുന്നു''.


കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. അല്ലാത്ത പക്ഷം അല്പംപോലും ദുർഗന്ധം പുറ ത്തുവരാത്ത നിലയ്ക്ക് ഇവരെ പരിപൂ ർണമായി ഖബ്റടക്കം ചെയ്യുവാൻ സാധിക്കുമായിരുന്നു.

മുജാഹിദ് കേരളത്തിന്റെ ദഅ്വാ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയിരുന്ന, കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ഇസ്‌ലാമിക വാരികയായിരുന്ന ശബാബിന്, ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഈ അധപതനം ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. ശബാബ് പത്രാധിപ സമിതിയിലെ പണ്ഡിതരും ഇത് പള്ളികളിലും മറ്റും വിതരണം ചെയ്യുന്ന മടവൂർ വിഭാഗം പ്രവർത്തകരുമെല്ലാം സലാം സുല്ലമിയുടെ നിലവാരത്തിലേക്ക് തരം താഴുന്ന കാഴ്ച എന്ത് മാത്രം അപമാനകരമല്ല.!

## 4. ആലുവ സംവാദവും മടവൂർ വിഭാഗം പണ്ഡിതരുടെ നുണ പ്രചരണവും

പ്രമാണങ്ങളെ വളച്ചൊടിച്ചും ഇത് വരെ ആരും നൽകിയിട്ടില്ലാത്ത ദുർവ്യാഖ്യാനങ്ങൾ നൽകിയും, മരിച്ച് പോയ അമ്പിയാ ഔലിയാക്കന്മാരെ വിളിച്ച് പ്രാർഥിക്കാമെന്ന് സ്ഥാപിക്കാൻ സംവാദം നടത്തുന്ന സുന്നി പണ്ഡിതരെ

വിമർശിക്കാനാണ് മുജാഹിദുകൾ എന്ന നിലയിൽ യഥാർത്ഥത്തിൽ മടവൂർ വിഭാഗം പണ്ഡിതർ ശ്രമിക്കേണ്ടിയിരുന്നത്. അതിന് പകരം മറ്റെന്തൊക്കെയോ വ്യക്തി താൽപര്യങ്ങളുടെയും കടുത്ത ഗ്രൂപ്പ് വൈരത്തിന്റെയും പേരിൽ ഔദ്യോഗിക മുജാഹിദ് പണ്ഡിതരെ അപഹസിക്കാനും, തേജോവധം ചെയ്യാനുമാണ് ശബാബിലെഴുതിയ ലേഖനങ്ങളിലൂടെ മടവൂർ വിഭാഗം പണ്ഡിതർ ശ്രമിച്ചിട്ടുള്ളത്.

അബദ്ധജഡിലമായ ശബാബിലെ പ്രസ്തുത ലേഖനങ്ങൾ മെയിൽ വഴി വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. നിഷ്പക്ഷമതികളായ വായനക്കാർ തെറ്റിദ്ധരിക്കപ്പെടുമെന്നതിനാൽ, ശബാൽ വന്നിട്ടുള്ള പ്രധാന ആരോപണങ്ങൽക്ക് മറുപടിയെഴുതുവാനാണ് ശ്രമിക്കുന്നത്.

## 5. മുജാഹിദുകൾക്ക് തങ്ങളുടെ വാദം ശരിയായി അവതരിപ്പിക്കാൻ കഴിഞ്ഞില്ല (സുല്ലമിയുടെ ആരോപണം 1.)

സലാം സുല്ലമി ജനുവരി 30 ലെ ശബാബിലെഴുതിയ ''മരണപ്പെട്ടവരോട് പ്രാർഥിക്കാൻ പുതിയ ഹദീസുകളോ'' എന്ന ലേഖനത്തിൽ, മുജാഹിദുകൾ സംവാദത്തിൽ നിന്നും ''ഒളിച്ചോടുകയാണു ചെയ്തത് എന്നും'', ''വരികൾ വെട്ടി മാറ്റി വായിച്ചു'' എന്നൊക്കെയുള്ള അത്ഭുത വാർത്തകൾ ഉണ്ട്. മാത്രമല്ല ''(മുജാഹിദുകൾ) സംവാദത്തിൽ പറയേണ്ടിയിരുന്ന മറുപടി ഇവിടെ ഉദ്ദരിക്കാം'' എന്നെഴുതിയ ശേഷം 1, 2, 3, എന്നിങ്ങനെ നമ്പറിട്ട്, മുജാഹിദുകൾ പറയേണ്ടിയിരുന്ന മറുപടി എഴുതി അദ്ദേഹം തന്റെ പാണ്ഡിത്യം തെളിയിക്കുന്നുമുണ്ട്.

ഖുർആനും ഹദീസും ശരിക്ക് വായിച്ച് പഠിച്ചിട്ടില്ലാത്ത (?) ഹനീഫ കായക്കൊടിക്കും അനസ് മൗലവിക്കുമൊന്നും സുന്നി പണ്ഡിതരോട് സംവാദം നടത്താൻ കഴിയില്ല എന്നും, വലിയ ഹദീസ് പണ്ഡിതനായ സലാം സുല്ലമിയെപ്പോലെയുള്ളവരായിരുന്നു മുജാഹിദ് പക്ഷത്ത് പങ്കെടുത്തിരുന്നത് എങ്കിൽ സുന്നി പണ്ഡിതൻമാർ സംവാദ വേളയിൽ തന്നെ തോൽവി സമ്മതിക്കുമായിരുന്നു എന്നുമാണ് സലാം സുല്ലമി ഈ ലേഖനങ്ങളിലൂടെ പ്രധാനമായും സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഇദ്ദേഹത്തിന്റെ ഈ അവകാശ വാദം പൂർണമായും തെറ്റാണെന്ന്, കൊണ്ടോട്ടിയിൽ വെച്ച് സലാം സുല്ലമിയും സുന്നി പ്രവർത്തകരും തമ്മിൽ 2006 ൽ നടന്ന സംവാദത്തിന്റെ സി ഡി കാണുന്ന ആർക്കും ബോധ്യമാകും. കോണ്ടോട്ടി സംവാദത്തിൽ സലാം സുല്ലമിയും കൂട്ടരും നടത്തിയ ദയനീയ പ്രകടനം അൽപം വിശദീകരിക്കം.

## 6. സലാം സുല്ലമിയും സുന്നി പ്രവർത്തകരും തമ്മിൽ 2006 ൽ നടന്ന കൊണ്ടോട്ടി സംവാദം

കൊണ്ടോട്ടിയിൽ വെച്ച് 2006 ഫെബ്രുവരി നാലിന് മടവൂർ വിഭാഗത്തിലെ പ്രമുഖ പണ്ഡിതരും, സുന്നി പ്രവർത്തകരും തമ്മിൽ ഒരു സംവാദം നടത്തിയിരുന്നു. സുന്നി പക്ഷം പുറത്തിറക്കിയ ഇതിന്റെ സി ഡി യിൽ രണ്ട് വിഭാഗത്തെയും പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: സുന്നി പക്ഷം. മുഈനുദ്ദീൻ, വിദേശ ജോലി. നൗശാദ്, അറബി മുൻഷി. മുഹമ്മദ് റഫീഖ്, മരുന്ന് കച്ചവടം. (സുന്നി പക്ഷത്ത് നിന്ന് പങ്കെടുത്തവരുടെ വേഷവും നാടൻ സംസാര രീതിയും ശ്രദ്ധിച്ചാൽ ഇവർ മുസ്‌ലിയാക്കൻമാരല്ല എന്ന് വ്യക്തമാകും)

മുജാഹിദ് പക്ഷം: എ. അബ്ദുസ്സലാം സുല്ലമി, കേരള ജംഇയ്യത്തുൽ ഉലമ (മടവൂർ വിഭാഗം) സംസ്ഥാന പ്രവർത്തക സമിതി അംഗം. അബ്ദുൽ അസീസ് മദനി, കേരള ജംഇയ്യത്തുൽ ഉലമ സംസ്ഥാന വൈസ് പ്രസിഡന്റ്. അബ്ദുല്ലത്തീഫ് കരുമ്പുലാക്കൽ, ഐ.എസ്.എം സംസ്ഥാന സെക്രട്ടറി. മധ്യസ്ഥൻ, അലിമദനി മൊറയൂർ.

## 7. മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പതറുന്ന വലിയ മടവൂർ പ്രസംഗകൻ അബ്ദുല്ലത്തീഫ് കരുമ്പുലാക്കൽ

കൊണ്ടോട്ടി സംവാദത്തിൽ സുന്നി പ്രവർത്തകർ സലാം സുല്ലമിയുടെയും അബ്ദുല്ലത്തീഫ് കരുമ്പുലാക്കലിന്റെയും ധാരാളം അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. കൂടുതൽ ദൈർഘ്യമുള്ള വീഡിയോ അറ്റാച്ച് ചെയ്യാൻ ബുദ്ധിമുട്ടുള്ളത് കൊണ്ട്, ഓരോ ഉദാഹരണങ്ങൾ മാത്രം വിശദീകരിക്കുന്നു. സുന്നികൾ പുറത്തിറക്കിയ കാസറ്റിലെ സംഭാഷണങ്ങൾ താഴെ എഴുതുന്നു. (ലേഖകന്റെ വിശദീകരണങ്ങൾ ബ്രാക്കറ്റിൽ കൊടുക്കുന്നു). വീഡിയൊ കാണാൻ ഇവിടെ . ക്ലിക്ക് ചെയ്യുക.

(മരുന്ന് കച്ചവടക്കാരൻ): ''ഞാൻ കരുവാങ്കല്ലിൽ (കൊണ്ടോട്ടി) മരുന്ന് കച്ചവടം ചെയ്യുന്ന ആളാണ്. കാരണം ലതീഫ് മൗലവിക്കറിയാം. മൂപ്പർ എപ്പോഴും അങ്ങാടിക്ക് മരുന്ന് വാങ്ങാൻ വരുന്ന, നമ്മുടെ പീടികയിലേക്ക് എപ്പോഴും വരുന്നുണ്ട് എന്നല്ല, എപ്പോഴും തുണീം മാറ്റി വരുന്ന ആ നാട്ടിലാണ് ഞാൻ മരുന്ന് കച്ചവടവുമായി നിൽക്കുന്നത്.'' (അബ്ദുല്ലത്തീഫ് കരുമ്പുലാക്കലിന് ധാരാളം തെറ്റ് പറ്റി എന്ന് പറഞ്ഞ ശേഷം, ഒരു തെറ്റ് മരുന്ന് കച്ചവടക്കാരൻ ചൂണ്ടിക്കാണിക്കുന്നു) : ''മൂപ്പരിങ്ങനെ ഓതുകയാണു. ഇദസ്തഅ്ദനതി ഇമ്‌റഅതു അഹദുകും''

(അബ്ദുല്ലത്തീഫ് കരുമ്പുലാക്കലിന്റെ പ്രസംഗം കേൾപ്പിക്കുന്നു): ''ഇദസ്തഅ്ദനതി ഇമ്‌റഅതു അഹദുകും ഇലൽ മസ്ജിദി ഫലാ യംനഅ്ഹാ''. (മരുന്ന് കച്ചവടക്കാരൻ): ''സുബ്ഹാനല്ലാ!. എന്താ ഇതിന്റെ അർഥം. ഒരു ഫിഅ്ലിനു രണ്ട് ഫാഇൽ ഉണ്ടാവുമോ?. ഒരു ഫിഅ്ലിന് എങ്ങിനെ രണ്ട് ഫാഇല്. അതല്ലാ ഫാഇലിന് മുദാഫുൻ ഇലൈഹി എവിടെ?, മുദാഫുൻ ഇലൈഹിക് റഫ്അ് ഉണ്ടാകുമോ?......അഹദു എന്നല്ല വായിക്കേണ്ടത്. ഇനി എവിടെയെങ്കിലും വാദപ്രതിവാദത്തിനോ പ്രസംഗത്തിനോ പോകുമ്പോൾ എന്ത് വായിക്കുക, അഹദികും, കാരണം മുദാഫുൻ ഇലൈഹിയാണ്, ജർറ് ആണ്''.

## 8. വലിയ ഹദീസ് പണ്ഡിതനായ സലാം സുല്ലമി മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ കുടുങ്ങുന്നു.

(സലാം സുല്ലമിയുടെ ഒരു തെറ്റ്, മരുന്ന് കച്ചവടക്കാരൻ ചൂണ്ടിക്കാണിക്കുന്നു): ''ഞങ്ങൾ നിങ്ങളെപ്പോലത്തെ ആളുകളല്ല, നിങ്ങൾ വല്യ വല്യ നേതാക്കന്മാരാണ്. ഒരു കുട്ടീന്റെ അടുത്ത് ഒരു തെറ്റ് പറ്റീന്ന് മൂപ്പർ (സലാം സുല്ലമി) പറഞ്ഞു. സമ്മതിച്ചു. പക്ഷെ ഒരു കാര്യം മനസ്സിലാക്കണം, ഞങ്ങൾ എന്നല്ല, കേരളത്തിൽ മറുപക്ഷം പോലും സമ്മതിക്കുന്ന ഹദീസ് പണ്ഡിതന്മാരല്ല. പക്ഷെ, ഈ 'ആദർശ വൈകല്യങ്ങൾ' എന്ന് പറഞ്ഞ ബുക്ക് കണ്ടില്ലെ നിങ്ങൾ. എന്റെ കയ്യിലിരിക്കുന്ന ഈ പുസ്തകം (ബുക്ക് ഉയർത്തിക്കാണിക്കുന്നു) എന്റെ കയ്യിലിരിക്കുന്ന ഈ പുസ്തകം, ഇത് എഴുതിയ വ്യക്തി ഈ നിൽക്കുന്ന മൗലവി ആര്, ആ മൗലവിയെപ്പറ്റി ഈ പുസ്തകത്തിൽ പറഞ്ഞതെന്താ? (പുസ്തകം നോക്കി വായിക്കുന്നു) ''കേരള ജംഇയ്യത്തുൽ ഉലമ പ്രവർത്തക സമിതി അംഗമായിരുന്നു ഇദ്ദേഹം''. ഈ മൗലവി അതായത് അബ്ദുസ്സലാം സുല്ലമി എടവണ്ണ എന്ന് പറയുന്ന മൗലവി, അദ്ദേഹത്തിന്റ ഫോട്ടോ ഉണ്ട് ഇവിടെ. ആ പുസ്തകത്തിലാണു അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്.

എന്നിട്ട് പറയുകയാണ് ''ഇപ്പോൾ (മടവൂർ വിഭാഗം) സംസ്ഥാന വൈസ് പ്രസിഡന്റ് ആണ്. എതിരാളികൾ പോലും അംഗീകരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഹദീസ് പണ്ഡിതൻ''. ആ ഹദീസ് പണ്ഡിതൻ ഇവിടുന്ന് ഖുർആൻ ഓതി, ഇസ്തിഗാസ ശിർക്കാക്കാൻ വേണ്ടി, ' ഇദാ മസ്സന്നാസു' എന്ന് ഓതി, കാസറ്റില്ലെ''.

(സലാം സുല്ലമി ആയത്ത് ഓതുന്നത് രണ്ട് പ്രാവശ്യം കേൾപ്പിക്കുന്നു). ''വ ഇദാ മസ്സന്നാസു ദുർറുൻ ദഅവ് റബ്ബഹും മ്മുനീബീന ഇലയ്ഹി''.
(മരുന്ന് കച്ചവടക്കാരൻ തുടരുന്നു). ''ഇദാ മസ്സന്നാസു, കേട്ടില്ലെ, ആ കാസറ്റ് ഒന്ന് കേട്ട് നോക്കീൻ നിങ്ങൾ മസ്സന്നാസു, മഫ്ഊലല്ലെ? ''.

(ഇത് പറയുമ്പോൾ സലാം സുല്ലമി ഒന്നും കേൾക്കാത്തത് പോലെ കിതാബിൽ തെരഞ്ഞ് കൊണ്ടിരിക്കുന്നു. അബ്ദുല്ലത്തീഫ് കരുമ്പുലാക്കലിനെ പരിഹസിച്ചപ്പോൾ സംയമനം പാലിച്ച അബ്ദുൽ അസീസ് മദനി, തങ്ങളുടെ ഏറ്റവും വലിയ ഹദീസ് പണ്ഡിതനെയും കളിയാക്കാൻ തുടങ്ങിയപ്പോൾ സംവാദത്തിന്റെ സാമാന്യ മര്യാദ പാലിക്കാതെ ഇടക്ക് കയറി ചോദിക്കുന്നു.) ''അത് അന്ന് പറയണ്ടെ, അതിപ്പഴാ പറയുക''.

(ഇടക്ക് കയറി ചോദിച്ചത് ഇഷ്ടപ്പെടാത്ത മരുന്ന് കച്ചവടക്കാരൻ) ''അത് മൂപ്പർ എന്താ പറയുന്നത്'' എന്ന് പറഞ്ഞ് കൊണ്ട് മുജാഹിദ് പണ്ഡിതർക്ക് നേരെ ദേഷ്യത്തൊടെ കയ്യ് ചൂണ്ടിക്കൊണ്ട് ചെല്ലുന്നു.
പ്രകോപിതനായ അബ്ദുൽ അസീസ് മദനിയും കൈ ചൂണ്ടി സംസാരിക്കുന്നത് കാണാം. മധ്യസ്ഥന്മാർ ബലമായി യുവാവായ മരുന്ന് കച്ചവടക്കാരനെ പിടിച്ച് മാറ്റികൊണ്ട്, പ്രായമുള്ള മടവൂർ പണ്ഡിതരെ രക്ഷപ്പെടുത്തുന്നു.

### 9. ''ദുർഗന്ധം പുറത്ത് വരാത്ത നിലക്ക്'' മടവൂർ പണ്ഡിതരെ ''ഖബ്ബറടക്കം ചെയ്ത'' കൊണ്ടോട്ടി സംവാദം

കൊണ്ടോട്ടിയിൽ നടന്ന സുന്നി മടവൂർ മുജാഹിദ് സംവാദ സിഡികൾ യുവത വീഡിയോ ഉടൻ പുറത്തിറക്കുമെന്ന് 2006 ഫെബ്രുവരി 10 ലെ ശബാബിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും, എറ്റവും വലിയ ഹദീസ് പണ്ഡിതൻ എന്ന് ഇവർ തന്നെ പരിചയപ്പെടുത്തുന്ന സലാം സുല്ലമിയുടെയും, മടവൂർ വിഭാഗത്തിലെ ഏറ്റവും വലിയ പ്രസംഗകനായി അറിയപ്പെടുന്ന അബ്ദുല്ലത്തീഫ് കരുമ്പിലാക്കലിന്റെയും ദയനീയ പരാജയം തിരിച്ചറിയപ്പെടുമെന്ന് മനസ്സിലാക്കിയ ഹുസൈൻ മടവൂരും കൂട്ടരും, അതിന്റെ സി ഡി പുറത്തിറക്കാൻ ധൈര്യം കാണിച്ചില്ല.

ഔദ്യോഗിക വിഭാഗം മുജാഹിദുകൾ പത്തിലധികം സുന്നി മുജാഹിദ് സംവാദങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പേരോട് സഖാഫിയുൾപ്പെടെയുള്ള സുന്നികളുടെ ഒന്നാം നിര പണ്ഡിതന്മാർ ഇതിൽ പങ്കെടുത്തിട്ടുമുണ്ട്. ഇതിന്റെയെല്ലാം സി.ഡി കൾ മുജാഹിദുകൾ പുറത്തിറക്കുകയും, ദഅ്‌വാ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് വരുകയും ചെയ്യുന്നു.

സാധാരണയായി മുജാഹിദുകൾ പ്രസംഗിക്കുമ്പോൾ സുന്നികളാണു ഇടക്ക് കയറി സംസാരിച്ച് സംവാദം കലക്കാൻ ശ്രമിക്കുക. ഇവിടെ ആ ജോലി ഏറ്റെടുത്തത് സംവാദത്തിൽ പരാജയപ്പെട്ടു എന്ന് തിരിച്ചറിഞ്ഞ മടവൂർ വിഭാഗം പണ്ഡിതരാണ് എന്നതാണ് ഏറെ പരിതാപകരം. സലാം സുല്ലമിയും കൂട്ടരും സുന്നി പ്രവർത്തകരുമായി നടന്ന കൊണ്ടോട്ടി സംവാദത്തിന്റെ സി ഡി പുറത്തിറക്കാൻ കഴിയാതെ, കേരള മുസ്‌ലീങ്ങളുടെ മുമ്പിൽ മുജാഹിദ് പ്രസ്ഥാനത്തെയും തൗഹീദിനെയും അപമാനിച്ചിരിക്കുകയാണ് ഹുസൈൻ മടവൂരും കൂട്ടരും ചെയ്തിരിക്കുന്നത്.

കാന്തപുരം സുന്നികളുടെ സെൻസിംഗ് മാസികയിൽ (2007 ഏപ്രിൽ, പേജ് 20) സലാം സുല്ലമിയുടെ ഇന്റർവ്യൂ പ്രസിദ്ധീകരിച്ചിരുന്നു. ഇതിലും കൊണ്ടോട്ടി സംവാദത്തിൽ പരാജയപ്പെട്ട കാര്യം സുല്ലമി അംഗീകരിക്കുന്നുണ്ട്.

സെൻസിംഗ്: കൊണ്ടോട്ടി സംവാദത്തിൽ താങ്കൾ പരാജയപ്പെട്ട ഒരു രംഗം ഉണ്ടായില്ലെ. ഫത്ഹുൽ ബാരിയിൽ ഇബ്നുബാസ് എഴുതിയ അടിക്കുറുപ്പ് ഇബ്നുഹജറിൽ അസ്ഖലാനിയുടെ പേരിൽ വായിച്ചപ്പോൾ നിങ്ങൾ കൃത്രിമം നടത്തിയത് പിടികൂടിയില്ലേ?.
സുല്ലമി: അതെ, എന്റെ കൂടെയുള്ള മദനി അറിയാതെ വായിച്ചതാണ്. ഞാൻ തന്നെ ഇടിവെട്ടേറ്റത് പോലെയായി. അത് തെറ്റ് പറ്റിയതാണ്.

(സെൻസിംഗ് മാസികയിൽ നിന്നും സ്കാൻ ചെയ്ത് താഴെ കൊടുക്കുന്നു)

കൊണ്ടോട്ടി സംവാദത്തിൽ താങ്കൾ പരാജയപ്പെട്ട ഒരു രംഗം ഉണ്ടായില്ലെ. ഫത്ഹുൽ ബാരിയിൽ ഇബ്നുബാസ് എഴുതിയ അടിക്കുറിപ്പ് ഇബ്നുഹജറിൽ അസ്ഖലാനിയുടെ പേരിൽ വായിച്ചപ്പോൾ നിങ്ങൾ കൃത്രിമം നടത്തിയത് പിടികൂടില്ലേ?
അതെ, എന്റെ കൂടെയുള്ള മദനി അറിയാതെ വായിച്ചതാണ്. ഞാൻ തന്നെ ഇടിവെട്ടേറ്റതു പോലെയായി. അത് തെറ്റു പറ്റിയതാണ്.

ചുരുക്കത്തിൽ, ശബാബിന്റെ 'മാന്യമായ ഭാഷ' കടമെടുത്താൽ, ''ദുർഗന്ധം പുറത്ത് വരാത്ത നിലക്ക്'' മടവൂർ വിഭാഗം പണ്ഡിതരെ ''ഖബ്ബറടക്കം ചെയ്ത'' സംവാദമായിരുന്നു 2006 ൽ കൊണ്ടോട്ടിയിൽ വെച്ച് നടന്ന സുന്നി മുജാഹിദ് സംവാദം.

### 10. പനമരത്തെ മടവൂർ സംസ്ഥാന സമ്മേളനത്തിലെ പണ്ഡിത ക്ഷാമം

മുജാഹിദ് പ്രസ്ഥാനത്തിൽ നിന്നും മടവൂർ സാഹിബിന്റെ നേതൃത്വത്തിൽ കുറച്ചാളുകൾ 2002 ൽ ഇറങ്ങിപ്പോയപ്പോൾ, പ്രവർത്തകരെപ്പോലെ തന്നെ പണ്ഡിതൻമാരിലെയും പ്രസംഗകരിലെയും മഹാഭൂരിപക്ഷവും ഔദ്യോഗിക വിഭാഗത്തിന്റെ കൂടെ ഉറച്ച് നിൽക്കുകയാണ് ചെയ്തത്. മടവൂർ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ, പണ്ഡിതരുടെയും പ്രസംഗകരുടെയും കുറവ് പലപ്പോഴും അവർക്ക് തന്നെ പ്രശ്നങ്ങൾ സ്രിഷ്ടിക്കാറുണ്ട്. ചങ്ങരംകുളത്ത് മുജാഹിദുകൾ സമ്മേളനം നടത്തിയപ്പോൾ, ഞങ്ങളും മുജാഹിദുകളാണെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ഹുസൈൻ മടവൂർ പനമരത്ത് സംഘടിപ്പിച്ച സംസ്ഥാന സമ്മേളനത്തിലും, പ്രസംഗിക്കാൻ പണ്ഡിതൻമാരില്ലാത്ത ദുരവസ്ഥ മടവൂർ വിഭാഗം നേരിട്ടിരുന്നു. അത് കൊണ്ട് തന്നെ പ്രസംഗിക്കാൻ അറിയാവുന്നവർക്കെല്ലാം ധാരാളം അവസരങ്ങൾ ലഭിച്ചു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഹുസൈൻ മടവൂരിന് അഞ്ച് അവസരവും, സി.പി. ഉമർ സുല്ലമിക്കും, ഇ.കെ.അഹമ്മദ് കുട്ടിക്കും നാല് അവസരങ്ങൾ വീതവും ലഭിച്ചു. അബ്ദുൽ ലത്തീഫ് കരുമ്പുലാക്കൽ, അലി മദനി മൊറയൂർ, എം ഐ മുഹമ്മദലി സുല്ലമി, കെ പി സകരിയ്യ, പി ടി അബ്ദുൽ അസീസ് സുല്ലമി, എ.അസ്ഗറലി, ബഷീർ പട്ടേൽ താഴം, സി.എ.സഈദ് ഫാറൂഖി, കെ എ അബ്ദുൽ ഹസീബ് മദനി, എ അബ്ദുൽ ഹമീദ് മദീനി, പി. മുഹമ്മദ് കുട്ടശ്ശേരി, മുജീബ് റഹിമാൻ കിനാലൂർ, പി സി അഹമ്മദ് സാഹിബ് എന്നിവർക്കെല്ലാം പ്രസംഗിക്കാൻ രണ്ട് അവസരങ്ങൾ വീതം ലഭിച്ചു.

ഇതേസമയം ഔദ്യോഗിക വിഭാഗം മുജാഹിദുകൾ ചങ്ങരംകുളത്ത് വെച്ച് നടത്തിയ സമ്മേളനത്തിൽ കേരളമാകെ അറിയപ്പെടുന്ന പ്രമുഖ പ്രസംഗർക്ക് ഒരു അവസരം മാത്രമാണ് ലഭിച്ചത്. എ പി അബ്ദുൽ ഖാദിർ മൗലവിക്കും, ടി.പി അബ്ദുല്ലക്കോയ മദനിക്കും, ഹുസൈൻ സലഫിക്കും, എം എം അക്ബറിനും, മുജാഹിദ് ബാലുശ്ശേരിക്കും, സകരിയ്യ സ്വലാഹിക്കുമെല്ലാം ഒരു അവസരം മാത്രം നൽകാനേ സംഘാടകർക്ക് കഴിഞ്ഞുള്ളൂ.

### 11. സംവാദത്തിനു പോയി തൗഹീദിനെ അപമാനിക്കേണ്ടതുണ്ടോ എന്ന് മടവൂർ വിഭാഗം ചിന്തിക്കുക

ഹദീസ് ഗ്രന്ഥങ്ങൾ നോക്കി തെറ്റ് കൂടാതെ വായിക്കാൻ പോലും അറിയാത്ത പണ്ഡിതൻമാരുമായി സംവാദത്തിന്ന് പോയി, മുജാഹിദ് പ്രസ്ഥാനത്തെയും, തൗഹീദിനെയും അപമാനിക്കേണ്ടതുണ്ടോ എന്ന് ഇനിയെങ്കിലും ഹുസൈൻ മടവൂരും കൂട്ടരും ആലോചിക്കേണ്ടതുണ്ട്. ഞങ്ങളും മുജാഹിദുകളാണെന്ന് കാണിക്കാൻ വേണ്ടിയുള്ള ഈ അഭ്യാസങ്ങളൊക്കെ ഗുണത്തേക്കാളേറെ ദോഷമല്ലെ ചെയ്യുന്നത്. മരുന്ന് കച്ചവടക്കാരന്റെ മുമ്പിൽ പോലും പിടിച്ച് നിൽക്കാൻ പറ്റാത്ത നിങ്ങൾക്ക്, വലിയ സുന്നി പണ്ഡിതരും, വാചക വീരന്മാരുമായ പേരോട് അബ്ദുറഹ്മാൻ സഖാഫിയുടെയും അലവി സഖാഫിയുടെയും, നൗശാദ് അഹ്സനിയുടെയും മുമ്പിൽ എങ്ങിനെ പിടിച്ച് നിൽക്കാൻ കഴിയും.

### 12. അൽബാനിയിൽ നിന്നും സുന്നികൾ ഉദ്ധരിച്ച **ഹദീസിനെക്കുറിച്ച്** ഹനീഫ മൗലവി ''രണ്ട് ന്യൂനതയുണ്ട്'' എന്ന് പറഞ്ഞു എന്ന സുല്ലമിയുടെ കള്ള ആരോപണം (**ആരോപണം 2.**)

2009 ജനുവരി 30 ലെ ശബാബിൽ (പേജ് 19) സലാം സുല്ലമിയെഴുതുന്നു: ''ഈ ഹദീസ് (സുന്നികൾ) സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കായക്കൊടി, അനസ് മുസ്‌ലിയാർ, ജബ്ബാർ മൗലവി പോലെയുള്ളവർ അൽബാനി ഈ **ഹദീസിന്** രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. സുന്നികൾ ആ ഭാഗം വായിക്കാൻ പറഞ്ഞപ്പോൾ ഹനീഫ് ഞാൻ ഉച്ചക്ക് ശേഷമുള്ള സെഷനിൽ വായിക്കാം എന്ന് പ്രഖ്യാപിച്ചു. **മധ്യസ്ഥന്മാരും** ഉച്ചക്ക് ശേഷമുള്ള പരിപാടി ആരംഭിക്കുക തന്നെ ഇത് വായിച്ച ശേഷമായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഉച്ചക്ക് മുമ്പുള്ള പരിപാടി അവസാനിപ്പിച്ചു. ഉച്ചക്ക് ശേഷം സംവാദം ആരംഭിച്ചപ്പോൾ (മുജാഹിദുകൾ) **വായിക്കാൻ വിസമ്മതം കാണിക്കുകയാണ്** ചെയ്തത്. അങ്ങിനെ അവർ മുജാഹിദ് പ്രസ്ഥാനത്തിന് അപമാനം ഏൽപിച്ച് **ഒളിച്ചോടുകയാണ്** ചെയ്തത്. യഥാർത്ഥത്തിൽ അൽബാനി ഒരിക്കലും ഈ ഹദീസിനെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിട്ടില്ല''.


വെട്ടിമാറ്റലും
പുസ്തകം 32 | ലക്കം 25 | 2009 ജനുവരി 30 19 ശബാബ്

മുകളിലെ പാരഗ്രാഫിൽ നാല് പെരും നുണകളാണ് സലാം സുല്ലമി എഴുതിയിരിക്കുന്നത്. ഒരു പാരഗ്രാഫിൽ ഒരേ സമയം നല് നുണകൾ എഴുതാൻ, പരലോക വിശ്വാസമില്ലാത്ത ഒരാൾക്ക് പോലും കഴിയുമോ എന്ന് സംശയമാണ്.

''ഈ ഹദീസ് (സുന്നികൾ) സംവാദത്തിൽ ഉദ്ധരിച്ചപ്പോൾ ഹനീഫ കായക്കൊടി അൽബാനി ഈ **ഹദീസിന്** രണ്ട് ന്യൂനതകളുണ്ട് (ഫീഹി ഇല്ലത്താനി) എന്ന് പറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി'' എന്നതാണ് സലാം സുല്ലമിയുടെ നുണ നമ്പർ ഒന്ന്. ലേഖനത്തിന്റെ ദൈർഘ്യം പരിഗണിച്ച് ഈ ഒരു നുണ മാത്രം ചർച്ച ചെയ്യാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്. മറ്റു നുണകളെക്കുറിച്ച് അടുത്ത ലേഖനത്തിൽ (ഇൻഷാ അല്ലാഹ്) ചർച്ച ചെയ്യാം.

### 13. ഹദീസിന്റെ എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് മാത്രമാണ് ഹനീഫ മൗലവി പറഞ്ഞത്.

സംവാദത്തിലെ ഉച്ചക്ക് മുമ്പുള്ള സെഷനിൽ, സുന്നി പണ്ഡിതർക്ക് ചോദ്യം ചോദിക്കാനുള്ള അവസാനത്തെ അവസരത്തിലാണ് അഥവാ, ആറാമത്തെ ചോദ്യ സമയത്ത് മാത്രമാണ് നൗശാദ് അഹ്സനി അൽബാനിയിൽ നിന്നും ഈസാ നബി (അ) യുമായി ബന്ധപ്പെട്ട് വന്ന ഹദീസിന്റ അവസാന ഭാഗം വായിക്കുന്നത്. എന്നിട്ട് ഇതിന്റ പരമ്പരയും, ഇത് സ്വഹീഹാണെന്ന് അൽബാനി വ്യക്തമാക്കിയ ഭാഗങ്ങളും വായിക്കുന്നു. അൽബാനിയിൽ നിന്നും അഹ്സനി ഹദീസ് ഉദ്ധരിച്ച ശേഷം, ഹനീഫ മൗലവിക്ക് മറുപടി പറയാൻ ഒരു അവസരം മാത്രമാണ് കിട്ടിയത്. ഏഴ് മിനിട്ട് ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ''ന്യൂനത'' എന്ന പദം പരാമർശിച്ച വാചകങ്ങൾ താഴെ പറയുന്നവയാണ്.

1. ഹനീഫ കായക്കൊടിയുടെ മറുപടി പ്രസംഗം തുടങ്ങുന്നത് ഇങ്ങിനെയാണ്: ''കഥ കഴിഞ്ഞു മുസ്‌ലിയാക്കന്മാരെ നിങ്ങളുടെ, അൽബാനി നിങ്ങൾ എടുത്തില്ലെ, ആ വായിച്ചതിന്റെ താഴെയുണ്ട് ഞാൻ (നേരത്തേ) പറഞ്ഞ കാര്യം, വ ഫീഹി ഇല്ലത്താനി (അതിൽ രണ്ട് ന്യൂനതയുണ്ട്), നിങ്ങൾ വായിച്ചതിന്റെ രണ്ട് വരി താഴെ വായിക്ക് വ ഫീഹി ഇല്ലതാനി, ഞാൻ പറഞ്ഞ ന്യൂനത. ന്യൂനതയുണ്ടെന്ന് ഞാൻ വെറുതെ പറഞ്ഞതെന്നാണോ നിങ്ങൾ വിചാരിച്ചത്''.

സുന്നികളുടെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം പറയവേ തന്നെ, എല്ലാ സനദും വായിച്ചാൽ ന്യൂനത കാണിച്ച് തരാമെന്ന് ഹനീഫ മൗലവി പറഞ്ഞിരുന്നു. എന്നാൽ ആറാമത്തെ ചോദ്യത്തിലാണല്ലോ സുന്നി പണ്ഡിതർ അൽബാനിയുടെ ഗ്രന്ഥം വായിക്കുന്നത്. അൽബാനിയിലെ പ്രസ്തുത ഹദീസിനെക്കുറിച്ചല്ല ഹനീഫ മൗലവി ഇവിടെ പരാമർശിക്കുന്നത്. ഈസാ നബി (അ) യുടെ വരവുമായി ബന്ധപ്പെട്ട എല്ലാ ഹദീസും വായിച്ചാൽ ന്യൂനത

ചൂണ്ടിക്കാണിക്കാമെന്ന് ഞാൻ നേരത്തേ പറഞ്ഞിരുന്നില്ലേ, അതിപ്പോൾ ശരിയാണെന്ന് തെളിഞ്ഞിരിക്കുന്നു, കാരണം ഇപ്പോൾ നിങ്ങൾ വായിച്ച ഹദീസിന്റെ താഴെ ഞാൻ പറഞ്ഞ രണ്ട് ന്യൂനതയുള്ള (ഫീഹി ഇല്ലത്താനി) മറ്റൊരു ഹദീസ് ഉണ്ട് എന്ന് മാത്രമാണ് ഹനീഫ മൗലവി ഇവിടെ ഉദ്ദേശിക്കുന്നത്. സംവാദ സി.ഡി. കാണുന്ന ആർക്കും ഇത് ബോദ്ധ്യപ്പെടുന്നതാണ്.

2. ഹനീഫ മൗലവി വീണ്ടും പറയുന്നു: '' ഫീഹി ഇല്ലത്താനി അൽബാനി രേഖപ്പെടുത്തി.....ഞാൻ (നേരത്തെ) പറഞ്ഞ കാര്യം, അൽബാനിയുടെ ആ സിൽസിലയിലുണ്ട്''.

ഇവിടെയും ഹനീഫ മൗലവി വ്യക്തമാക്കുന്നത് ഞാൻ നേരത്തേ പറഞ്ഞ ന്യൂനത നിങ്ങൾ വായിച്ച സിൽസില എന്ന അൽബാനിയുടെ ഗ്രന്ഥത്തിലുണ്ട് എന്നാണ്. നിങ്ങൾ വായിച്ചതിന്റെ താഴെയുണ്ടെന്നോ, അതേ പേജിലുണ്ടെന്നോ ഇവിടെ ഹനീഫ മൗലവി പറയുന്നില്ല. ആ ഗ്രന്ഥത്തിൽ അങ്ങിനെ ന്യൂനതയുള്ള ഒരു ഹദീസ് ഉണ്ടെന്ന് മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ.

3. ഹനീഫ മൗലവി മറുപടി പ്രസംഗം അവസാനിപ്പിക്കുന്നത് '' ഞാൻ ഇപ്പോഴും പറയുന്നു ന്യൂനതയുണ്ടെന്ന്. ആ സനദ് മുഴുവൻ വായിച്ചാൽ ഏത് സനദിലാണ് ന്യൂനത എന്ന് ഞാൻ പറയും'' എന്ന് പറഞ്ഞ് കൊണ്ടാണ്.

ന്യൂനതയുണ്ടെന്ന് പറഞ്ഞത് സുന്നികൾ അൽബാനിയിൽ നിന്ന് വായിച്ച ഹദീസിനെക്കുറിച്ചല്ല, ഇത് വരെ സുന്നികൾ വായിച്ചിട്ടില്ലാത്ത ഇതേ ആശയമുള്ള അൽബാനിയിലെ മറ്റൊരു ഹദീസിനെക്കുറിച്ചാണ് എന്ന്, **''പറയും''** എന്ന വാക്കിൽ നിന്നും വ്യക്തമാണല്ലോ.

14. അൽബാനിയിൽ നിന്നും സുന്നികൾ ഉദ്ദരിച്ച ഹദീസിനെക്കുറിച്ച് ഹനീഫ മൗലവി വിശദീകരിച്ചത്

അൽബാനിയിൽ നിന്നും സുന്നികൾ ഉദ്ദരിച്ച ''ല ഇൻ ഖാമ അലാ ഖബ്റീ വ ഖാല യാ മുഹമ്മദ് ല ഉജീബന്നഹൂ (ശേഷം അദ്ദേഹം (ഈസാ നബി(അ)) എന്റെ ഖബറിന്റെ അടുത്ത് നിൽക്കുകയും മുഹമ്മദേ എന്ന് വിളിക്കുകയും ചെയ്താൽ, ഞാൻ അദ്ദേഹത്തിന് ഉത്തരം നൽകുക തന്നെ ചെയ്യുന്നതാണ്)'' എന്ന ഹദീസിനെക്കുറിച്ച് ഹനീഫ മൗലവി പറഞ്ഞത് ഇപ്രകാരമാണ്: ''ഖാമ (നിന്നു) എന്ന പദം, ആരാ ഫാഇൽ, ആരു നിന്നാൽ, ആരു വന്നാൽ, ആരു ചോദിച്ചാൽ, ലവ് ഉജീബന്നഹൂ, ആർക്ക് ഉത്തരം ചെയ്യും, പറയണ്ടെ?, നൗശാദ് അഹ്സനി വിളിച്ചാൽ എന്നാണോ?, അതല്ല ഫൈസൽ അഹ്സനി വിളിച്ചാൽ എന്നാണോ?, കേരളത്തിലെ സമസ്തക്കാർ വിളിച്ചാൽ എന്നാണോ?, ഖിയാമത്ത് നാൾ വരെയുള്ള മുഴുവൻ മുസ്ലീങ്ങളും വിളിച്ചാലെന്നാണൊ? അതല്ല ഏതോ ഒരു പ്രത്യേക വ്യക്തി, പ്രത്യേക സന്ദർഭത്തിൽ പ്രത്യേക സമയത്ത് വിളിച്ചാലെന്നാണൊ? പറയണം നമുക്കിനിയും (ഹദീസിനെക്കുറിച്ച്) ചർച്ചചെയ്യാം. നിങ്ങൾ (ഉച്ചക്ക് ശേഷം) വരണം''.

സുന്നികൾ അൽബാനിയിൽ നിന്നും ഉദ്ദരിച്ച ഹദീസ് സുന്നികളും മുജാഹിദുകളും തമ്മിൽ തർക്കത്തിലിരിക്കുന്ന ഇസ്തിഗാസക്ക് തെളിവാണെന്ന് സ്ഥാപിക്കാത്തിടത്തോളം, ഈ ഹദീസിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യം പോലുമില്ലെന്നാണ് അദ്ദേഹം തന്റെ മറുപടി പ്രസംഗത്തിൽ ഉടനീളം വാദിച്ചത്.

15. ന്യൂനതയുണ്ട് എന്ന് പറഞ്ഞത് സുന്നികൾ ഉദ്ദരിച്ച ഹദീസിനെക്കുറിച്ചല്ല എന്ന് സുന്നികളും അംഗീകരിക്കുന്നു.

ആറാമത്തെ ചോദ്യത്തിലാണല്ലൊ അഹ്സനി അൽബാനിയിലെ ഹദീസ് ആദ്യമായി വായിക്കുന്നത്. അഞ്ച് മിനിട്ട് ദൈർഘ്യമുള്ള അഹ്സനിയുടെ പ്രസ്തുത പ്രസംഗത്തിലെ ചില വാചകങ്ങൾ ശ്രദ്ധിക്കുക. അൽബാനിയിലെ ഹദീസ് വായിക്കുന്നതിന് മുമ്പ് അഹ്സനി പറയുന്നു: ''ഏഴ് മിനിട്ട് പ്രസംഗിച്ചു എന്നല്ലാതെ ഒരു ന്യൂനത ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞോ....ഇപ്പോൾ (ഹനീഫ മൗലവി) പറയുകയാണ് (ന്യൂനത പറയണമെങ്കിൽ) എല്ലാ സനദും (പരമ്പരയും) വായിക്കണമെന്ന്. അത് എവിടുത്തെ ഉസൂലാണ്, ആരാണ് നിങ്ങൾക്ക് പഠിപ്പിച്ച് തന്നത്''. അൽബാനിയിലെ ഹദീസ് (ആദ്യമായി) വായിച്ച ശേഷം അദ്ദേഹം പറയുന്നു: ''ഇനിയിപ്പോൾ വേറെ ഏതോ സനദ് കൊണ്ട് വരും ദഈഫ് ഉള്ളത്, ഉണ്ടായിക്കോട്ടെ''.

അൽബാനിയിലെ ഹദീസ് വായിച്ച ശേഷം ഹനീഫ മൗലവിക്ക് പ്രസംഗിക്കാൻ അവസരം കിട്ടുന്നതിന് മുമ്പാണല്ലോ അഹ്സനി ഇങ്ങിനെ പറയുന്നത്. ഇതിൽ നിന്ന് തന്നെ, അഹ്സനിയും ഹനീഫ മൗലവിയും തമ്മിൽ 'ന്യൂനതയുടെ പേരിൽ' തർക്കം നിലനിൽക്കുന്നത് അൽബാനിയിലെ ഹദീസിനെക്കുറിച്ചല്ല എന്ന് വ്യക്തമാകുന്നു.

16. സുന്നികൾ ''**ഉദ്ദരിച്ച ഹദീസിന് രണ്ട് ന്യൂനതയുണ്ട്**'' എന്ന് മൗലവി പറഞ്ഞു എന്ന് തെളിയിക്കാമോ.?

സലാം സുല്ലമി ശബാബിലെഴുതുന്ന എല്ലാ അബദ്ധങ്ങളും, ഒരു ദീനി പ്രവർത്തനമെന്ന വിശ്വാസത്തോടെ മെയിലിൽ ഫോർവേഡ് ചെയ്യുന്ന മടവൂർ വിഭാഗം പ്രവർത്തകർ, അൽബാനിയിൽ നിന്നും സുന്നികൾ **ഉദ്ദരിച്ച** ഹദീസിനെക്കുറിച്ചാണ് ഹനീഫ മൗലവി ''രണ്ട് ന്യൂനതയുണ്ട്'' എന്ന് പറഞ്ഞത് എന്ന് തെളിയിക്കാൻ തയ്യാറാകുമോ?. മുജാഹിദ് വാരികയായി അറിയപ്പെടുന്ന ശബാബിൽ, ഏറ്റവും വലിയ ഹദീസ് പണ്ഡിതനായ സലാം സുല്ലമി എഴുതിയിട്ടുണ്ട് എന്ന് പറഞ്ഞാൽ അത് തെളിവാകുകയില്ല. ആലുവ സംവാദത്തിന്റെ സി ഡി സുന്നികളും മുജാഹിദുകളും പുറത്തിറക്കിയിട്ടുണ്ട്. ആറാം ചോദ്യ സമയത്ത് സുന്നി പണ്ഡിതൻ ഉദ്ദരിച്ച അൽബാനിയിലെ **ഹദീസിന്** രണ്ട് ന്യൂനതയുള്ളതായി ഹനീഫ മൗലവി പറഞ്ഞ വാചകം, അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ നിന്ന് ചൂണ്ടിക്കാണിക്കാൻ കഴിയണം. ഏഴ് മിനിട്ട് ദൈർഘ്യമുള്ള ഹനീഫ മൗലവിയുടെ പ്രസംഗത്തിൽ ഒരിടത്തും അദ്ദേഹം അങ്ങിനെ പറഞ്ഞിട്ടില്ല എന്നതാണ് വാസ്തവം.

മലയാളത്തിലുള്ള പ്രസംഗത്തെപ്പോലും വളച്ചൊടിക്കുകയും, മുജാഹിദുകൾ സംവാദത്തിൽ നിന്നും ഒളിച്ചോടി എന്ന് ശബാബിലെഴുതി നാട് നീളെ പ്രചരിപ്പിക്കുകയും ചെയ്ത്, കാന്തപുരം സുന്നികൾക്ക് ശിർക്ക് പ്രചരിപ്പിക്കാൻ ആവേശം നൽകുന്നത് എന്തിനാണെന്ന് മനസ്സിലാവുന്നില്ല.

മുജാഹിദ് പണ്ഡിതരായി സ്വയം പരിചയപ്പെടുത്തുകയും ശിർക്ക് പ്രചരിപ്പിക്കാൻ കാന്തപുരം സുന്നി വിഭാഗത്തിന് സഹായവും പ്രോൽസാഹനവും നൽകുകയും ചെയ്യുന്നവരുടെ കെടുതികളിൽ നിന്ന് മുജാഹിദ് പ്രസ്ഥാനത്തെ അല്ലാഹു കാത്ത് രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. (ആമീൻ)

**നാസർ പാലക്കാട്** **(തുടരും)**